# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 9 — 8-6-2015 ൽ മറുപടിയ്ക്ക്.

### ആശ്രിത നിയമന ഉത്തരവ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്തതിനെതിരെ നടപടി

| ചോദ്യം<br>ശ്രീ.കെ.രാജു. | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി.<br>മുഖ്യമന്ത്രി. |
|---|---|
| (എ) ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് ഉത്തരവ് ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആശ്രിതനിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിയ്ക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് പരിഹരിക്കുന്നതിനായി, 06-07-2012 ലെ ജി.ഒ. (എം.എസ്) നം.174/12//ജി.എ.ഡി. ഉത്തരവ് പ്രകാരം 549 തസ്തികകളും, 02-09-2013 ലെ ജി.ഒ (എം.എസ്) നം. 249/13/ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ ആകെ 905 തസ്തികകൾ അതാത് വകുപ്പുകളിൽത്തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചത്. കൂടാതെ 2-06-2014 ലെ ജി.ഒ (എം.എസ്) നം. 131/2014/ജി.എ.ഡി. പ്രകാരം നിയമവകുപ്പിൽ ലീഗൽ അസ്സിസ്റ്റന്റുമാരുടെ 3 സൂപ്പർന്യൂമററി തസ്തികകളും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് നിയമന ഉത്തരവ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്തത്; ആയതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) വിവരങ്ങൾ ശേഖരിച്ച് വരുന്നു. |

| | |
|---|---|
| (സി)ആശ്രിതനിയമനം ലഭിക്കുന്നതിനുള്ള അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ആയതിന്റെ നിയമന സാധ്യത വിശദമാക്കുമോ? | (സി) സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നൽകിയതിന് ശേഷം ആശ്രിതനിയമനത്തിനായി പൊതുഭരണ (സി.ഇസെൽ) വകുപ്പിൽ എൽ.ഡി.സി, അസിസ്റ്റന്റ് തസ്തികകളിൽ പേര് രജിസ്റ്റർ ചെയ്ത അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.<br>തിരുവനന്തപുരം - 62, കൊല്ലം -3, പത്തനംതിട്ട -5, കോട്ടയം-12, ഇടുക്കി-10, ആലപ്പുഴ-22, എറണാകുളം-28, തൃശ്ശൂർ-12, പാലക്കാട്-13, കോഴിക്കോട്-18, കണ്ണൂർ-12, മലപ്പുറം -9, വയനാട്5, കാസർകോട്-4. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളനുസരിച്ച്, ഊഴമെത്തുന്ന മുറയ്ക്ക് അപേക്ഷകർക്ക്, പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ നിന്നും ഒഴിവുകൾ നിർണ്ണയിച്ചു നൽകുന്നതാണ്. വിവിധ വകുപ്പുകളിലെ മറ്റു വിവരങ്ങൾ ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ